**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5973** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തുടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ; | (എ) | ഹയർ സെക്കണ്ടറി തലത്തിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകുകയും ഇത് സംബന്ധിച്ച വാർത്തകൾ നൽകുകയും ചെയ്യുന്നു. തുടർപഠനത്തിനായി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന തുടർപഠനത്തിനായുള്ള ആനുകൂല്യങ്ങൾ യഥാസമയം ഓൺലൈൻ ആയി വിതരണം ചെയ്യുന്നു. തുടർപഠനം സംബന്ധിച്ച സഹായങ്ങൾ പട്ടികജാതി പ്രൊമോട്ടർമാർ മുഖേനയും പട്ടികജാതി വികസന വകുപ്പിന്റെ ഫീൽഡ് തല ഓഫീസുകൾ മുഖേനയും നൽകി വരികയും ചെയ്യുന്നു. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വിജയകരമായി പൂർത്തീകരിച്ച പട്ടികവർഗ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പ് വരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. സയൻസ് സ്കീമിൽ +2 പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് NEET/KEAM പോലുള്ള പൊതുപ്രവേശന പരീക്ഷക്ക് ഒന്നരമാസം നീണ്ടുനിൽക്കുന്ന എൻട്രൻസ് പരീക്ഷാ പരിശീലനവും വകുപ്പ് പ്രമുഖ സ്ഥാപനങ്ങളിലൂടെ നൽകി വരുന്നു. ഡിഗ്രി പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ അപേക്ഷകൾ യഥാസമയം നൽകുന്നതിന് വകുപ്പിന്റെ കീഴിലുള്ള സഹായി കേന്ദ്രങ്ങൾ, പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ഒഴിവ് വന്നിട്ടുള്ള പട്ടികവർഗക്കാർക്കായുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തവണ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയവും ഗ്രേഡും നേടിയ കുട്ടികളുടെ എണ്ണം | (ബി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന |

| | | | |
|---|---|---|---|
| | വർദ്ധിച്ച സാഹചര്യത്തിൽ ബിരുദ, പ്രൊഫഷണൽ, പാരാമെഡിക്കൽ കോഴ്സുകളുടെ പഠനത്തിന് പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സ്വാശ്രയ കോഴ്സുകളിൽ ചേരുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകി വരുന്നു. സ്വാശ്രയ കോളേജുകളിലെ മറ്റു കോഴ്സുകൾക്കു ഇന്ത്യ ഗവണ്മെന്റ് സ്കോളർഷിപ്പ് ആനുകൂല്യവും നൽകി വരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും DME, DHSE, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതാണ്. CAT, MAT, JEE, JMET, XAT, ATMA തുടങ്ങി അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/ യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ